മാതൃഭൂമി

Mathrubhumi Seed
Student Empowerment for Environmental Development
In partnership with FEDERAL BANK

പ്രസിദ്ധീകരണം

# ആകാശപ്പച്ച

## പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ



മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും
അധ്യാപകരുടെയും പ്രകൃതിസൗഹൃദ
നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം

MATHRUBHUMI SEED
DIGITAL NATURE MAGAZINE

LEAF - 21 JUNE 2023

# ആകാശപ്പച്ച

## CONTENTS


എഡിറ്റോറിയൽ

കാട്ടിലെക്കാര്യം

സിനിമാപാട്ടിലെ പ്രകൃതി

കേരളം അറിയാൻ

ഇത് അതിശയം തന്നെ

ചിറകുള്ള ചങ്ങാതിമാർ

തെറ്റ് ശരി

ഈ ഫോട്ടോ കാണാം

ലോകം എങ്ങനെ

കൃഷിക്കാര്യം

പൂവറിവ്

വർണച്ചിറക്

കഥ - കവിത


Cover photo: Shutterstock

# കൂട്ടായി കളിക്കണം
# കൂട്ടമായി കളിക്കണം

ഒരു അധ്യയനവർഷംകൂടി എത്തിക്കഴിഞ്ഞു. പുതിയ സ്കൂൾവർഷത്തിൽ പുതുമകൾ നിറയ്ക്കണം. പഠനം കൂടുതൽ ആയാസരഹിതമാക്കുന്നതിനുള്ള പുതുവഴികളും ആലോചിക്കണം. കൂട്ടായിരുന്ന് പഠിക്കുന്നത് പുതിയ അനുഭവം തന്നേക്കാം. കൂട്ടായി കളിക്കാൻ കിട്ടുന്ന അവസരങ്ങൾ നന്നായി ഉപയോഗിക്കണം. ജീവിതത്തിൽ വിജയങ്ങൾ മാത്രമല്ല തോൽവികളും ഉണ്ടാവും. അത് മനസ്സിലാക്കാനും അതിനെ നേരിടാനും കൂട്ടായ കളികൾ ഏറെ സഹായിക്കും. അത് വെറും കളിയല്ല, വലിയൊരു പഠനംകൂടിയാണെന്ന് തിരിച്ചറിയണം.



മാതൃഭൂമി ആകാശപ്പച്ച
2023 ജൂൺ



# പ്രകൃതി ജീവിതംതന്നെ

മഴ കനക്കെ പെയ്യേണ്ട കാലമാണ്. അങ്ങനെ പെയ്യുമോ എന്ന് ഉറപ്പുപറയാനാവാത്ത കാലവുമാണ്. അതാണ് കാലാവസ്ഥയിൽ വന്ന മാറ്റം. മഴയെക്കുറിച്ചും കാറ്റിനെക്കുറിച്ചും മഞ്ഞിനെക്കുറിച്ചും വെയിലിനെക്കുറിച്ചും സമയബന്ധിതമായി ഒരുറപ്പും പറയാൻ നമുക്കാവുന്നില്ല. ഉപഗ്രഹനിരീക്ഷണവും മറ്റും ഉള്ളതിനാൽ കാറ്റും മഴയുമൊക്കെ പെയ്തിറങ്ങുന്നതിനും വീശിയടിക്കുന്നതിനും മുൻപ് അറിയാൻകഴിയുന്നുവെന്നത് വലിയ കാര്യമാണ്. അത്തരം മുന്നറിവുകൾ പ്രകൃതിദുരന്തം മൂലം ഉണ്ടാവുന്ന കഷ്ടതകളുടെ തീവ്രത കുറയ്ക്കുന്നുണ്ട്, ഒപ്പം മരണനിരക്കും. എന്നാൽ കാലാവസ്ഥാവ്യതിയാനത്തെ ചെറുത്തുനിൽക്കുന്നതിന് ഇതൊന്നും മതിയാവില്ല. പ്രകൃതിയെക്കൂടി ഉൾക്കൊള്ളുന്ന ഒരു ജീവിതരീതി പതുക്കെയെങ്കിലും പരിശീലിച്ച് ഉറപ്പിക്കുന്നതാണ് ശാശ്വതമായ പരിഹാരം.

കാട്ടിലെക്കാര്യം




# ഉയരമുള്ള അമ്മ

ഏറ്റവും ഉയരമുള്ള മൃഗമാണ് ജിറാഫ്. ഏറ്റവും ഉയരമുള്ള അമ്മയും ജിറാഫുതന്നെ. ജിറാഫമ്മ നിന്നുകൊണ്ട് കുഞ്ഞിന് ജന്മംനൽകും. ഏകദേശം ആറ് അടി ഉയരത്തിൽനിന്നാണ് കുഞ്ഞ് പിറന്നുവീഴുന്നത്. എന്നാൽ ജനിച്ച് ഒരുമണിക്കൂർ കഴിയുമ്പോഴേക്കും കുഞ്ഞ് എഴുന്നേറ്റ് ഓടാൻതുടങ്ങും. എഴുന്നേൽക്കാൻ വൈകുന്ന കുഞ്ഞുങ്ങളെ അമ്മ കാലുകൊണ്ട് തട്ടി എഴുന്നേൽപ്പിച്ച് ഓടിക്കാറുണ്ട്. ഓട്ടം ജിറാഫിന്റെ ജീവിതത്തിൽ ഏറ്റവും പ്രധാനമാണ്. വേട്ടയാടാൻവരുന്ന മൃഗങ്ങളിൽനിന്ന് മിക്കപ്പോഴും ജിറാഫുകൾ ഓടിയാണ് രക്ഷപ്പെടുന്നത്.



അഭിശ്രീ ആനന്ദ്
ജി.വി.എച്ച്.എസ്.എസ്., ചെറിയഴീക്കൽ
കൊല്ലം




# കാസർകോട്ടുകാരുടെ സ്വന്തം സുരങ്ക കിണർ

**വൈ**വിധ്യങ്ങളുടെ ഭൂമികയാണ് കാസർകോട് ജില്ല. കാസർകോട്ടെ വൈവിധ്യങ്ങളുടെ പട്ടികയിൽ എടുത്തുപറയേണ്ടതും യുനെസ്കോയുടെ, സംരക്ഷിക്കപ്പെടേണ്ട പൈതൃകങ്ങളുടെ നിരീക്ഷണപ്പട്ടികയിൽ പെട്ടതുമായ ഒന്നാണ് സുരങ്ക കിണർ (തുരങ്കം). നീളമേറിയ തുരങ്കം നിർമിച്ച് ഭൂഗർഭജലം പുറത്തേക്ക് ഒഴുക്കിക്കൊണ്ടുവരുന്ന പുരാതന ജലശേഖരണരീതിയാണ് സുരങ്ക. ദക്ഷിണ കർണാടക, കാസർകോട് ഭാഗങ്ങളിൽ ഇത്തരം സുരങ്കകൾ ഒരുകാലത്ത് സുലഭമായിരുന്നു. ജലക്ഷാമം രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഈ പരിതസ്ഥിതിയിൽ സുരങ്കകളുടെ പുനരുദ്ധാരണം കാര്യക്ഷമമായി സാധ്യമാക്കേണ്ടതുണ്ട്. കടുത്ത ചൂടിൽ മലയോരത്തെ തോടുകളും കിണറുകളും വറ്റിവരളുമ്പോൾ സുരങ്കകൾപോലുള്ള ജലസ്രോതസ്സുകളെ കണ്ടെത്തി അവ സംരക്ഷിച്ചാൽ ഒരുപരിധിവരെ ജലക്ഷാമം തടയാം. ഇതിനുവേണ്ടി കാസർകോട്ടെ ഭരണാധികാരികളും സന്നദ്ധസംഘടനകളും മുന്നോട്ടുവന്നാൽ ചില പ്രദേശങ്ങളിലെ ജലക്ഷാമത്തിന് പരിഹാരമാകും. ജലദൗർലഭ്യമുള്ള പ്രദേശങ്ങളിലെ ജനങ്ങൾക്ക് സുരങ്കയിലൂടെ ജലം എത്തിച്ചുനൽകിയ ശ്രദ്ധേയനായ കുഞ്ഞമ്പു എന്ന ജലമനുഷ്യനും കാസർകോട്ടുകാർക്ക് സുപരിചിതനാണ്.

റെജീന ബീവി എൽ.
ഗവ. മോഡൽ റെസിഡെൻഷ്യൽ സ്കൂൾ,
വെള്ളച്ചാൽ, കാസർകോട്




# അമ്മ അകത്തുണ്ട്, കുഞ്ഞുങ്ങളും!

**കേ**രളത്തിന്റെ ദേശീയപക്ഷിയായ മലമുഴക്കി വേഴാമ്പൽ (Great Indian Hornbill ) കൂടുകൂട്ടി പ്രജനനം നിർവഹിക്കുന്നത് പക്ഷിലോകത്തെ കൗതുകമാണ്. ഏകപത്നീവ്രതക്കാരനായ ആൺവേഴാമ്പൽ അടയിരിപ്പിന് പെൺപക്ഷിയെ തനിച്ചാക്കുകയാണ് ചെയ്യുന്നത്. പെൺപക്ഷിക്കും കൂട്ടിലെ കുഞ്ഞുങ്ങൾക്കും ആവശ്യമായ ഭക്ഷണം കൂട്ടിൽ എത്തിച്ചുകൊടുക്കുന്ന ഉത്തരവാദിത്വം ആൺപക്ഷിയാണ് ഏറ്റെടുക്കുന്നത്. കൂട്ടിനകത്ത് കയറുന്ന പെൺപക്ഷി പൊത്തിന്റെ ദ്വാരം ഒരു ചെറിയ വിടവ് മാത്രം ഒഴിച്ച് ബാക്കി അടയ്ക്കും. പൊത്തിന്റെ ചെറിയ വിടവിലൂടെ കൊക്ക് പുറത്തിട്ടാണ് പെൺപക്ഷി ആഹാരം സ്വീകരിക്കുന്നത്. കൂട്ടിലെ കുഞ്ഞുങ്ങൾ പറക്കാറായാൽ പെൺപക്ഷി, കൂടിന്റെ അടച്ച ഭാഗം കൊക്കുകൊണ്ട് പൊളിച്ച് പുറത്ത് വരും.

ശ്രീദേവ് ഗോവിന്ദ്
ജാനകി മെമ്മോറിയൽ യു.പി. സ്കൂൾ
ചെറുപുഴ, കണ്ണൂർ




ഭാഗി സന്തോഷ്
ജി.വി.എച്ച്.എസ്.എസ്.,
ചെറിയഴീക്കൽ, കൊല്ലം

കൃഷിക്കാര്യം

# കടുകുകൃഷി



നമ്മുടെ കറികളിൽ ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് കടുക്. ഇന്ത്യയിലുടനീളവും ഉത്തരേന്ത്യയിൽ കൂടുതലായും കടുക് കൃഷിചെയ്തുവരുന്നു. കറികളിൽ താളിക്കാനും അച്ചാറിനും കടുക് നാം ഉപയോഗിക്കാറുണ്ട്. ആസ്മ എന്ന അസുഖത്തിന്റെ ബുദ്ധിമുട്ട് കുറയ്ക്കാൻ നൽകുന്ന 'സെലനിയം' എന്ന പോഷണവും കടുകിൽ നിന്ന് നിർമിക്കുന്നുണ്ട്. കടുകെണ്ണ ആഹാരം പാകംചെയ്യുന്നതിനും ആയുർവേദചികിത്സയിൽ ഞരമ്പുരോഗങ്ങൾ, വീക്കങ്ങൾ ഇവയ്ക്ക് ലേപനമായും ഉപയോഗിക്കുന്നു. ഇളംമഞ്ഞ, ഇളം കറുപ്പ്, തവിട്ട് നിറങ്ങളിൽ കടുക് കാണപ്പെടുന്നു. കടുകിന് വളരാൻ 6 മുതൽ 27 വരെ ഡിഗ്രി ഊഷ്മാവാണ് അനുയോജ്യം. അതിനാൽ കേരളത്തിന്റെ കാലാവസ്ഥയ്ക്കും ഈ കൃഷി അനുയോജ്യമാണ്. വിത്തുകൾ പാകി ഏകദേശം നാലുമാസംകൊണ്ട് വിളവെടുപ്പ് നടത്താം. മട്ടുപ്പാവ്, അടുക്കളത്തോട്ടം, പൂന്തോട്ടം ഇവിടങ്ങളിൽ കടുക് വളർത്താം. കടുകുപൂക്കൾ ഒരു അലങ്കാരമാണ്, വിത്ത് പാകമാവുമ്പോൾ അടുക്കളയിൽ പാചകത്തിനും ഉപയോഗിക്കാം.



ദേവാംഗന കെ.
ഇച്ചന്നൂർ എ.യു.പി. സ്കൂൾ, കണ്ണങ്കര
കോഴിക്കോട്

സിനിമാപാട്ടിലെ പ്രകൃതി

# പ്രകൃതിയുടെ ശ്രീരാഗം

*പ്ലാവില പൊൻ തളികയിൽ*
*പാൽ പായസച്ചോറുണ്ണുവാൻ*
*പിന്നെയും പൂംപൈതലായ്*
*കൊതിതുള്ളി നിൽക്കുവതെന്തിനോ*
*ചെങ്കദളിക്കൂമ്പിൽ ചെറുതുമ്പിയായ് തേനുണ്ണുവാൻ*
*കാറ്റിനോട് കെഞ്ചി ഒരു നാട്ടുമാങ്കനി വീഴ്ത്തുവാൻ*
*ഇനിയുമീ തൊടികളിൽ കളിയാടാൻ മോഹം...*

'പവിത്രം' എന്ന സിനിമയ്ക്കുവേണ്ടി ഒ.എൻ.വി. കുറുപ്പ് രചിച്ച്, കെ.ജെ. യേശുദാസ് ആലപിച്ച ശ്രീരാഗമോ എന്ന ഗാനത്തിലെ വരികളാണിവ. കുട്ടിക്കാലത്തെ മാധുര്യങ്ങളിലേക്ക് തിരിച്ചുപോകാൻ ആഗ്രഹിക്കുന്ന ഒരു മനസ്സാണ് ഇവിടെ കാണാൻകഴിയുന്നത്. പാടത്തും പറമ്പത്തും ഓടിനടക്കാനും ചെങ്കദളിയുടെ തേൻ നുകരാനും കാറ്റിനോടും മരങ്ങളോടും സംസാരിച്ചും കളിച്ചും നടന്ന് കുട്ടിത്തം വീണ്ടെടുക്കാനുമുള്ള ആഗ്രഹമാണത്. മനുഷ്യനെത്ര പുരോഗമിച്ചാലും പ്രകൃതിയുമായുള്ള ബന്ധത്തിന്റെ ആഴം നഷ്ടമാവില്ല എന്ന് മനസ്സിലാക്കിത്തരുന്ന വരികളാണ് ഇവ.

അശ്വതി കെ.
ജി.എച്ച്.എസ്.എസ്. പരപ്പ
കാസർകോട്




# മരത്തിലിരിക്കാത്ത പക്ഷി

നമ്മുടെ നാട്ടിൻപുറങ്ങളിൽ കാണപ്പെടുന്ന പറക്കുന്ന പക്ഷികളിൽ മരത്തിലോ കുറ്റിച്ചെടികളിലോ ഇരിക്കാത്ത പക്ഷിയാണ് ചെങ്കണ്ണി തിത്തിരി അഥവാ Red-wattled Lapwing. Vanellus indicus എന്നാണ് ശാസ്ത്രനാമം. മറ്റുള്ള പക്ഷികളെപ്പോലെ മരങ്ങളിൽ ഇവരുടെ കൂടുകൾ കാണാൻകഴിയില്ല. ചെറിയ കല്ലുകളും മറ്റും ചേർത്ത് മണ്ണിൽത്തന്നെയാണ് ഇവ കൂടുകൂട്ടാറുള്ളത്. കൊയ്ത്ത് കഴിഞ്ഞ നെൽപ്പാടങ്ങളിലും തുറസ്സായ സ്ഥലങ്ങളിലും ഇവയെ സാധാരണമായി കാണാം. മണ്ണിലുള്ള കീടങ്ങളും പുഴുക്കളുമാണ് ഭക്ഷണം. തിത്തിരിവർഗത്തിൽപ്പെട്ട പക്ഷികളൊന്നും മരങ്ങളിൽ ഇരിക്കാറില്ല. തുറസ്സായ പ്രദേശങ്ങളിലും ചതുപ്പുനിലങ്ങളിലും താമസിക്കാൻ ഇഷ്ടപ്പെടുന്ന ഇവ സദാ ശബ്ദിച്ചുകൊണ്ടിരിക്കും.

ബിമൽ കെ.
ഗാന്ധി സ്മാരക യു.പി. സ്കൂൾ,
പാലക്കാട്




# റക്കൂണുകൾ ഭക്ഷണം കഴുകുമോ?

റക്കൂണുകൾ വളരെ ബുദ്ധിയുള്ള സസ്തനികളാണ്. അവർക്ക് എന്ത് ഭക്ഷണവസ്തു കിട്ടിയാലും അത് മൂന്നോ നാലോ തവണ വെള്ളത്തിൽ ഉരുട്ടുന്നത് കാണാം. ഇത് അവർ ഭക്ഷണം കഴിക്കുന്നതിനുമുൻപ് കഴുകുകയാണെന്ന് നമുക്ക് തോന്നാം. എന്നാൽ അവർ ഭക്ഷണം കഴുകുകയല്ല അത് നനയ്ക്കുകയാണ് ചെയ്യുന്നതെന്നാണ് ചില ശാസ്ത്രജ്ഞർ പറയുന്നത്. റക്കൂണുകൾ ചുറ്റുപാടുകളെ തിരിച്ചറിയുന്നതിനും ഭക്ഷണം തേടുന്നതിനും കൈകൾ ഉപയോഗിക്കുന്നു. നനയുമ്പോൾ ഇവയുടെ കൈകൾക്ക് കൂടുതൽ സ്പർശനശേഷി ലഭിക്കുമത്രേ. അപ്പോൾ കൈയിൽ കിട്ടിയ ഭക്ഷണസാധനങ്ങൾ കൈയിൽനിന്ന് വഴുതിപ്പോകാതിരിക്കാനായിരിക്കാം ഈ നനയ്ക്കൽവിദ്യ!



മാധവ പ്രസാദ് എം.
യു.എം.എൽ.പി.എസ്.
തിരുവില്വാമല, തൃശ്ശൂർ




# വീണ്ടുമൊരു ജൂൺ 5

ഭൂമി നേരിടുന്ന പാരിസ്ഥിതികപ്രശ്നങ്ങളിൽ മലിനീകരണവും ജലശോഷണവും ജൈവവൈവിധ്യശോഷണവും പ്രകൃതിശോഷണവും ആഗോളതാപനവും പോലെ തന്നെ പ്രധാനമായ വെല്ലുവിളിയാണ് ജനസംഖ്യാവർധന. ലോകജനസംഖ്യ 800 കോടി തൊട്ടു, ഇന്ത്യയുടെ സംഭാവന അതിൽ ഒന്നാംസ്ഥാനത്ത് നിൽക്കുന്നു!

ജനങ്ങളെ തീറ്റിപ്പോറ്റാൻ കാർഷികവത്കരണം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി ഉപയോഗിക്കുന്ന കീടനാശിനികളും രാസവളങ്ങളും ഭൂമിയെ നശിപ്പിച്ചുകൊണ്ടിരിക്കുകയുമാണ്. അതുപോലെതന്നെ പ്രകൃതിശോഷണത്തിനും ജൈവവൈവിധ്യനാശത്തിനും ഇത് വഴിവയ്ക്കുന്നുണ്ട്. കാടുകയറി കൃഷിചെയ്യുന്നത്, മലകൾ ഇടിച്ചുനിരത്തുന്നത്, തണ്ണീർത്തടങ്ങൾ മണ്ണിട്ട് മൂടുന്നത് തുടങ്ങി കൃഷിക്കായും പാർപ്പിടത്തിനായും നടത്തുന്ന പ്രവർത്തനങ്ങൾ ക്രമാതീതമായാൽ പ്രകൃതിദുരന്തങ്ങൾക്ക് കാരണമാകുമെന്ന് നാം ഓർക്കേണ്ടതുണ്ട്.



അരുൺ വി. നായർ, ടീച്ചർ കോർഡിനേറ്റർ
ഗവ. എൽ.പി. സ്കൂൾ എഴിഞ്ഞില്ലം,
പത്തനംതിട്ട



# കൺപീലി പോലെ ഒരു പൂവ്


സമുദ്രനിരപ്പിൽനിന്ന് 1200 മീറ്റർവരെ ഉയരമുള്ള പ്രദേശങ്ങളിലെ നിത്യഹരിത, അർധ നിത്യഹരിതവനങ്ങളിൽ കാണപ്പെടുന്ന ഒരു ഔഷധസസ്യമാണ് കാശാവ്. കായാവ്, അഞ്ജനമരം എന്നീ പേരുകളിലും അറിയപ്പെടുന്നു. പത്തുമുതൽ പതിനഞ്ചുവരെ അടി ഉയരം വയ്ക്കുന്ന ഈ ചെടി ഒരു ഔഷധവുമാണ്. യൗവനം നിലനിർത്താൻവേണ്ടി ഉപയോഗിച്ചിരുന്നതായി പറയപ്പെടുന്നു. വേരുമുതൽ ഇലവരെ ഔഷധഗുണമുള്ളതാണ്. ഇതിന്റെ പൂവിനെ കായാമ്പൂ എന്ന് വിളിക്കുന്നു. വർഷത്തിൽ ഒരുതവണയേ പൂക്കാറുള്ളൂ.



കാഴ്ചയിൽ കൺപീലിപോലെയുള്ള ഈ പൂവിനെ വർണിച്ച് വയലാർ രാമവർമ എഴുതിയ ഗാനമാണ് 'കായാമ്പൂ കണ്ണിൽ വിടരും കമലദളം കവിളിൽ വിടരും' എന്നത്. എന്റെ വീട്ടിലുമുണ്ട് ഈ ചെടി.

അഞ്ജലി കൃഷ്ണ
സെന്റ് തോമസ് എച്ച്.എസ്. കല്ലറ,
കോട്ടയം

വർണച്ചിറക്
കവിത



# എന്റെ പ്രകൃതി

പച്ചില ചാർത്തിൻ അഴകുമായി
പച്ചവിരിച്ചൊരു പ്രകൃതി
കണ്ണിൻ കുളിരായി
പൂക്കൾ വിരിയുമ്പോൾ
പൂന്തേൻ തേടി പൂമ്പാറ്റകളും
കിലുകിലെ കിലുങ്ങി ഒഴുകും
പുഴയിൽ ഓടിക്കളിക്കും പുഴമീനും
മാനത്ത് വിരിയും മഴവില്ലും
കാടും മേടും മലകളുമെല്ലാം
കാണാനെന്ത്ര അഴകാണേ
മഴയായി നീ പെയ്യുമ്പോൾ
പൊട്ടിമുളയ്ക്കും നാമ്പുകളെല്ലാം
നാളെ വളർന്ന് തണൽമരമാകും
കൊമ്പുകൾ നിറയെ കൂടുകെട്ടാൻ
കിളികൾ എത്തും നേരം
ഒന്നിച്ചാടി പാടി രസിച്ചീടാം.

ആരണ്യ എ.എ.
ഗവ. എൽ.പി.എസ്. മടവൂർ
കിളിമാനൂർ, തിരുവനന്തപുരം

# ക്ഷമ

വർണച്ചിറക് | കഥ

“അതവിടെയിരിക്കട്ടേ രവീ, നമുക്ക് ആളൊഴിയുമ്പോൾ ഈ വെള്ളത്തിലേക്കിടാം”, അരുവിയിലെ വെള്ളമെടുത്ത് മുഖംകഴുകുന്നതിനിടെ പുതിയ വീടുപണിക്കായി കാട് വെട്ടിത്തെളിക്കാനെത്തിയ പണിക്കാരോട് അയാൾ വിളിച്ചുപറഞ്ഞു.

പെട്ടെന്ന് വെള്ളത്തിൽ അയാളൊരു പ്രതിബിംബം കണ്ടു. മുത്തശ്ശിക്കഥകളിലെ മുടിയഴിച്ചിട്ട് നിൽക്കുന്നൊരു യക്ഷിയെപ്പോലെ, ആൽമരച്ചില്ലയിൽനിന്ന് താഴേക്ക് വളരുന്ന മുടിയിഴകളാകുന്ന വേരുകൾ, അവ മണ്ണിലൂടെ പടർന്ന് അയാളുടെ കഴുത്തിന് ചുറ്റും വരിഞ്ഞുമുറുകി, അയാളെ ശ്വാസംമുട്ടിച്ചു.

കുറച്ചുമുൻപുവരെ തണുത്തുറഞ്ഞുകിടന്നിരുന്ന വെള്ളമിപ്പോൾ വെട്ടിത്തിളയ്ക്കുന്നു. അരുവിയുടെ നെറുകയിൽ ചുംബിക്കുന്ന സൂര്യരശ്മികളെ തിരഞ്ഞ അയാൾ കണ്ടത് പൊടിയുടെയും പുകയുടെയും കിരണങ്ങളാണ്.

പരിഭ്രാന്തനായി, തനിക്കെന്താണ് സംഭവിച്ചതെന്നറിയാതെ കണ്ണുകൾ മുറുക്കെയടച്ച് അയാൾ ആ ആൽമരത്തണലിലിരുന്നു. പാദം നനയ്ക്കാനെന്നപോലെ അരുവിയിലേക്ക് വേരുകൾ നീട്ടിയിരിക്കുന്നു. തലയ്ക്കുമീതേ ഒരു തൊപ്പിപോലെ പരന്നുകിടക്കുന്ന ശിഖരങ്ങൾ. എന്തൊക്കെയോ സ്വയം ചോദിച്ചുകൊണ്ട് അയാൾ മെല്ലെ നിദ്രയിലാണ്ടു...



മാളവിക മുരളി,
വിദ്യോദയ സ്കൂൾ, തേവക്കൽ,
എറണാകുളം

പുനരുപയോഗമെന്നത്
ഒരു ചെറിയ കാര്യമല്ല.
പ്രകൃതിയോട്
നമുക്ക് ചെയ്യാൻ കഴിയുന്ന
വലിയ കാരുണ്യമാണ്.
അത് നമ്മുടെ
നല്ല ജീവിതത്തിനു
വേണ്ടിയാണ്!

Mathrubhumi Seed
Student Empowerment for Environmental Development
IN PARTNERSHIP WITH FEDERAL BANK

# മാതൃഭൂമി ആകാശപ്പച്ച



ആകാശപ്പച്ചയിലേക്കുള്ള
രചനകളും നിർദേശങ്ങളും
akashapacha@mpp.co.in
എന്ന വിലാസത്തിലേക്ക്
അയക്കാം
വിശദവിവരങ്ങൾക്ക്
സീഡ് ജില്ലാ കോ-
ഓഡിനേറ്റർമാരോട്
സംസാരിക്കാം.



Published by Mathrubhumi Seed